കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# വിലയിരുത്തൽ മാർഗരേഖ

## ക്ലാസ് - 5, 6, 7



സ്റ്റേറ്റ് അസസ്മെന്റ് സെൽ
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

# വിലയിരുത്തൽ മാർഗ്ഗരേഖ - 2025
## ക്ലാസ് - 5, 6, 7

സ്റ്റേറ്റ് അസസ്മെന്റ് സെൽ
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
കേരളം

# ഉള്ളടക്കം


1. വിലയിരുത്തൽ : പരിഷ്ക്കരിച്ച പാഠ്യപദ്ധതി ചട്ടക്കൂടിന്റെ പശ്ചാത്തലത്തിൽ
   - കേരളത്തിലെ പൊതുവിദ്യാഭ്യാസം : പാഠ്യപദ്ധതി പരിഷ്ക്കരണ പ്രവർത്തനങ്ങൾ
   - അപ്പർ പ്രൈമറി തലം : പഠനവിഷയങ്ങളും പഠനപ്രക്രിയയും
   - കേരളപാഠ്യപദ്ധതി ചട്ടക്കൂട് (2023) മുന്നോട്ടു വയ്ക്കുന്ന വിലയിരുത്തൽ കാഴ്ചപ്പാട്
2. അപ്പർ പ്രൈമറി ക്ലാസുകളുടെ വിലയിരുത്തൽ സമീപനം
   - വികാസപ്രദ വിലയിരുത്തൽ
   - ആത്യന്തികവിലയിരുത്തൽ
   - സാമൂഹിക-വൈകാരിക മേഖലയിലെ വിലയിരുത്തൽ
3. പഠനനില നിർണ്ണയവും പഠനപിന്തുണയും
4. അക്കാദമിക മോണിറ്ററിങ്

അനുബന്ധം

- സാമൂഹിക വൈകാരിക ഗുണങ്ങൾ
- വിലയിരുത്തൽ റൂബ്രിക്സ്
- സംവാദവും വാദപ്രതിവാദവും

കരട്

# 1. വിലയിരുത്തൽ : പരിഷ്കരിച്ച പാഠ്യപദ്ധതി ചട്ടക്കൂടിന്റെ പശ്ചാത്തലത്തിൽ

## കേരളത്തിലെ പൊതുവിദ്യാഭ്യാസം: പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്. ഈ ലക്ഷ്യം മുൻനിർത്തി ഒട്ടേറെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരികയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് പാഠ്യപദ്ധതിയുടെ സമഗ്രമായ പരിഷ്കരണം. 26 ഫോക്കസ് ഗ്രൂപ്പുകൾ തയ്യാറാക്കി നൽകിയ പൊസിഷൻ പേപ്പറുകൾ പരിഗണിച്ച് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുകയുണ്ടായി. പാഠ്യപദ്ധതിയുടെ സമീപനം വ്യക്തമാക്കുന്ന കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ് 2023) 2023 ആഗസ്റ്റ് 4-ാം തീയതി ചേർന്ന 55-ാമത് സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുകയും തുടർനടപടികൾക്കായി അനുമതി നൽകുകയും ചെയ്തു. ഇതിന്റെ തുടർച്ചയെന്നോണം 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റുകൾ, അനുബന്ധ സാമഗ്രികൾ എന്നിവ പരിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു.

കെ.സി.എഫ്. 2023 മുന്നോട്ട് വയ്ക്കുന്ന പ്രധാന വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നവയാണ്:

- സാമൂഹ്യനീതിയ്ക്കുവേണ്ടിയുള്ള വിദ്യാഭ്യാസം
- സമഗ്രവും സുസ്ഥിരവും വികസനോന്മുഖവുമായ വിദ്യാഭ്യാസം
- ജ്ഞാനസമൂഹ സൃഷ്ടിക്കായുള്ള വിദ്യാഭ്യാസം
- സമഗ്ര വ്യക്തിവികാസം ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസം
- ദേശീയബോധവും പൗരബോധവും വളർത്തുന്ന വിദ്യാഭ്യാസം
- എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം
- ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ജനാധിപത്യ ദർശനം നിലനിർത്തുന്നതിനും സഹായിക്കുന്നതിനുമുള്ള വിദ്യാഭ്യാസം
- ചരിത്രബോധവും സാംസ്കാരികബോധവും വളർത്തുന്ന വിദ്യാഭ്യാസം
- ശാസ്ത്രബോധം വളർത്തുന്ന വിദ്യാഭ്യാസം
- സാങ്കേതികവിദ്യ അവബോധം സാധ്യമാക്കുന്ന വിദ്യാഭ്യാസം
- തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തുന്ന വിദ്യാഭ്യാസം
- പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും അതിജീവനശേഷി കൈവരിക്കുന്നതിനും സഹായിക്കുന്ന വിദ്യാഭ്യാസം
- വിമർശനചിന്ത വളർത്തുന്ന വിദ്യാഭ്യാസം

- പരിസ്ഥിതിബോധം വളർത്തുന്ന വിദ്യാഭ്യാസം
- ഇതരലിംഗത്തിൽപ്പെട്ടവരോട് സൗഹർദ്ദപരമായി പെരുമാറുന്നതിനുള്ള വിദ്യാഭ്യാസം
- നവകേരളം രൂപപ്പെടുത്തുന്നതിനായുള്ള വിദ്യാഭ്യാസം

മേൽ പ്രസ്താവിച്ച വിശാലമായ ലക്ഷ്യങ്ങൾ നേടുന്നു എന്ന് ഉറപ്പുവരുത്തുന്ന തരത്തിലാണ് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും തയ്യാറാക്കുന്നത്.

## അപ്പർ പ്രൈമറി തലം : പഠനവിഷയങ്ങളും പഠനപ്രക്രിയയും

### പഠനവിഷയങ്ങൾ

കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ടാണ് സെക്കൻഡറിതലത്തിലെ പാഠ്യപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഭാഷ, ഗണിതം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം എന്നിവ കൂടാതെ ഐ.സി.റ്റി., ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവയും പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

- ഭാഷാവിഷയങ്ങൾ
  - മലയാളം/തമിഴ്/കന്നഡ
  - ഇംഗ്ലീഷ്
  - ഹിന്ദി
  - സംസ്കൃതം/ഉർദു/അറബിക്
- അടിസ്ഥാനശാസ്ത്രം
- ഗണിതം
- സാമൂഹ്യശാസ്ത്രം
- ഐ.സി.ടി.
- ആരോഗ്യ-കായികവിദ്യാഭ്യാസം
- കലാവിദ്യാഭ്യാസം
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

### പഠനപ്രക്രിയ

സ്കൂളുകളിൽ പഠനം ഗുണമേന്മയോടെ നിർവഹിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയും പാഠ്യക്രമവും എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പാഠപുസ്തകങ്ങളും മറ്റ് അനുബന്ധസാമഗ്രികളും തയ്യാറാക്കി സ്കൂളുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അറിവിന്റെ വികാസത്തിനനുസരിച്ച് ലഭ്യമാകുന്ന പുതുവിവരങ്ങൾ കൂടി പ്രയോജനപ്പെടുത്തി അറിവ് നിർമ്മിക്കുന്ന കുട്ടികളുടെ സമൂഹത്തെയാണ് നാം ലക്ഷ്യമിടുന്നത്. അതുകൊണ്ട് തന്നെ പങ്കാളിത്തപഠനവും പ്രക്രിയാധിഷ്ഠിതപഠനവും പരമപ്രധാനമാണ്. സാമൂഹികജ്ഞാനനിർമ്മിതി രീതിയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി ടെക്സ്റ്റ്ബുക്കുകൾ, ടീച്ചർടെക്സ്റ്റുകൾ എന്നിവയുടെ അടിത്തറയിൽ വിവര വിനിമയ സങ്കേതങ്ങളിലൂടെ ലഭ്യമാകുന്ന പുത്തൻ വിവരങ്ങൾ ഓരോ ഘട്ടത്തിലും സൂക്ഷ്മതയോടുകൂടി ഉപയോഗിക്കുകയും അധ്യയനവർഷത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് പുറത്തിറക്കിയ അക്കാദമിക കലണ്ടറിന്റെ ഭാഗമായി സ്കൂൾ എസ്.ആർ.ജി.കൾ ചേർന്ന് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും വേണം. ടീച്ചർ ടെക്സ്റ്റിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി

പാഠാസൂത്രണം (Teaching Manual) നടത്തുന്നുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തണം. ടീച്ചിങ് മാന്വൽ തയ്യാറാക്കുമ്പോൾ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ, പഠനസമീപനങ്ങൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ, ഐ.സി.റ്റി.യുടെ ഉപയോഗം, വിലയിരുത്തൽ രീതികൾ, ഇന്റർ ഡിസിപ്ലിനറി പഠനരീതികൾ, ശേഷി-നൈപുണികൾ, മൂല്യ-മനോഭാവങ്ങൾ, ആശയ-ധാരണകൾ ഇവയെല്ലാം വികസിക്കുന്നതിനുള്ള വ്യക്തിഗത-ഗ്രൂപ്പ് പ്രവർത്തനങ്ങൾ ടീച്ചിങ് മാന്വലിന്റെ ഭാഗമായി വരേണ്ടതുണ്ട്. പാഠാസൂത്രണം ശാസ്ത്രീയമായി തന്നെ തയ്യാറാക്കി പഠനം കാര്യക്ഷമമാക്കാൻ ടീച്ചർമാർ ശ്രദ്ധിക്കണം. ടീച്ചിങ് മാന്വലിന്റെ പ്രതികരണ കോളമാണ് നിരന്തരവിലയിരുത്തൽ രേഖപ്പെടുത്തുന്നതിന് പ്രധാനമായി ഈ ഘട്ടത്തിൽ പ്രയോജനപ്പെടുത്തേണ്ടത്. ഓരോ പിരീഡിനും പാഠാസൂത്രണം എഴുതുക എന്നതാണ് ശാസ്ത്രീയം. എന്നാൽ ഏതാനും പഠനലക്ഷ്യങ്ങൾക്ക് ഒരുമിച്ചോ ഒരു മൊഡ്യൂൾ/യൂണിറ്റിന് ഒരുമിച്ചോ പാഠാസൂത്രണം തയ്യാറാക്കാവുന്നതാണ്. കുട്ടികൾക്ക് നൽകേണ്ട പുനരനുഭവപ്രവർത്തനങ്ങളുടെ സൂചനകൾ പ്രതിഫലനാത്മക കുറിപ്പുകളായി രേഖപ്പെടുത്തുകയും വേണം. ഇപ്രകാരം നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ സാധ്യമാകാൻ പാഠാസൂത്രണം പ്രയോജനപ്പെടുത്തണം.

## കേരള പാഠ്യപദ്ധതി ചട്ടക്കൂട് (2023) മുന്നോട്ടു വയ്ക്കുന്ന വിലയിരുത്തൽ കാഴ്ചപ്പാട്

വിലയിരുത്തലിന്റെ ലക്ഷ്യവും സ്വഭാവവും അടിസ്ഥാനമാക്കിയാൽ വിലയിരുത്തലിന് പ്രധാനമായി രണ്ടു ധാരകളാണുള്ളത് എന്ന് കാണാം. വികാസപ്രദവിലയിരുത്തൽ (Formative Assessment) ആത്യന്തികവിലയിരുത്തൽ (Summative Assessment) എന്നിവയാണ് ആ ധാരകൾ.

**വികാസപ്രദവിലയിരുത്തൽ (FA):** പഠനത്തോടൊപ്പം നിരന്തരമായി നടക്കുന്നതാണ് വികാസപ്രദവിലയിരുത്തൽ. ഇതിൽ കുട്ടിയുടെ പഠനത്തെ തുടർച്ചയായി പിന്തുടരുകയും പഠനപുരോഗതി വിലയിരുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതുവഴി അധ്യാപകർക്ക് അവരുടെ അധ്യാപനവും പഠിതാക്കൾക്ക് അവരുടെ പഠനവും മെച്ചപ്പെടുത്താനുള്ള തിരിച്ചറിവുകൾ കിട്ടിക്കൊണ്ടിരിക്കും.

**ആത്യന്തികവിലയിരുത്തൽ (SA):** ഒരു യൂണിറ്റിന്റെ പഠനത്തിനുശേഷമോ ഒരു ടേമിന്റെ അവസാനമോ വർഷാന്ത്യത്തിലോ നടത്തുന്ന വിലയിരുത്തലാണിത്. പൊതുവായി പഠനലക്ഷ്യങ്ങൾ എത്രമാത്രം കൈവരിച്ചു എന്നതിനായിരിക്കും ഇവിടെ ഊന്നൽ നൽകുക.

വിലയിരുത്തലിന്റെ മൂന്നുതലങ്ങളാണ് നമ്മൾ കണക്കിലെടുക്കേണ്ടത്.

*i.* പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning)
*ii.* വിലയിരുത്തൽ തന്നെ പഠനം (Assessment as learning)
*iii.* പഠനത്തിന്റെ വിലയിരുത്തൽ (Assessment of learning)

ഇതിൽ ആദ്യത്തെ രണ്ടു തലങ്ങളുടെ പ്രയോഗം ഫലപ്രദമായി നടക്കുന്നത് വികാസപ്രദ വിലയിരുത്തലിലാണ്.

**പഠനത്തിനായുള്ള വിലയിരുത്തൽ:** അധ്യാപകരുടെ പ്രവർത്തനങ്ങളുമായി, പ്രത്യേകിച്ച് ആസൂത്രണപ്രവർത്തനങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടതാണിത്. പഠനപ്രക്രിയ ആസൂത്രണം ചെയ്യുമ്പോൾത്തന്നെ, പഠനപ്രവർത്തനസമയത്ത് കുട്ടികൾക്കുണ്ടാകാനിടയുള്ള പ്രയാസങ്ങളോ തടസ്സങ്ങളോ അധ്യാപകർ മുൻകൂട്ടി ഊഹിക്കുകയും അതു നീക്കാനുള്ള ഫീഡ്ബാക്കും കൈത്താങ്ങും കൂടി ആസൂത്രണം ചെയ്യലുമാണ് ഇതിൽ പ്രധാനം.

**വിലയിരുത്തൽ തന്നെ പഠനം:** താൻ ഏർപ്പെട്ട ഒരു പഠനപ്രവർത്തനത്തിലൂടെ വിമർശനാത്മകമായി കടന്നുപോകുന്ന കുട്ടി തന്റെ മികവുകളും പരിമിതികളും തിരിച്ചറിയുന്ന പ്രക്രിയയാണ് വിലയിരുത്തൽ മറ്റൊരു തരത്തിൽ പറഞ്ഞാൽ വിലയിരുത്തൽ തന്നെയാണ് പഠനം. സ്വയം വിലയിരുത്തൽ പ്രക്രിയ യഥാർഥത്തിൽ ആഴത്തിലുള്ള പഠനം തന്നെയാണ്.

**പഠനത്തിന്റെ വിലയിരുത്തൽ:** ഇവിടെ നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ പഠനം എവിടെയെത്തിനിൽക്കുന്നുവെന്ന് അളക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. പാഠങ്ങളുടെയോ യൂണിറ്റുകളുടെയോ ടേമുകളുടെയോ അന്ത്യത്തിലോ വർഷാന്ത്യത്തിലോ എല്ലാ കുട്ടികൾക്കും വേണ്ടി പൊതുവായി നടത്തുന്ന ആത്യന്തിക വിലയിരുത്തലാണിത്. നിശ്ചിത അളവുകോലുമായി തട്ടിച്ചുനോക്കി കുട്ടിയുടെ പഠനനില താരതമ്യം ചെയ്യപ്പെടുന്നു. ഇതിനായി പഠനനിലയ്ക്ക് സ്കോറുകൾ/ഗ്രേഡുകൾ നൽകി അളവ് രേഖപ്പെടുത്തുകയും ചെയ്യുന്നു.

**വിലയിരുത്തൽ പ്രക്രിയ**

- നിരന്തരവും കുട്ടികളുടെ എല്ലാവിധ കഴിവുകളെയും പരിഗണിക്കുന്നതാകണം.
- കുട്ടിയുടെ പഠനത്തെയും വികാസത്തെയും സഹായിക്കുന്നതാകണം.
- കൂടുതൽ ഊന്നൽ നൽകേണ്ടത് പഠനത്തിനായുള്ള വിലയിരുത്തലിനാകണം (Assessment for Learning).
- കുട്ടികൾ ജീവിക്കുന്ന ലോകവും സമൂഹവും ആവശ്യപ്പെടുന്ന ശേഷികളെ (വിശകലനചിന്ത, വിമർശനാത്മകചിന്ത, വ്യക്തതയോടെയുള്ള ആശയ സ്വാംശീകരണം, ആശയവിനിമയ ശേഷി, സർഗാത്മകചിന്ത) വളർത്താൻ സഹായിക്കുന്നതാകണം.
- പഠനബോധനപ്രക്രിയയെ നിരന്തരമായി പരിഷ്കരിക്കാൻ സഹായിക്കുന്നതാകണം.

**ജ്ഞാനനിർമ്മിതിയെ പോഷിപ്പിക്കുന്ന വിലയിരുത്തൽ**

- അന്വേഷണാത്മക പ്രവർത്തനങ്ങളിലൂടെയും അറിവിന്റെ നിർമ്മാണവും പുനർനിർമ്മാണവും വഴിയും ഓരോ കുട്ടിയും നിശ്ചിത പഠനമികവ് കൈവരിക്കാൻ ലക്ഷ്യമിടുന്നു. ഇത്തരം പഠനരീതികളിൽ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടത്,

പഠനത്തിനായുള്ള വിലയിരുത്തലും വിലയിരുത്തൽ തന്നെ പഠനവും ഉൾച്ചേർന്ന വികാസപ്രദവിലയിരുത്തലാണ്.

- പഠനലക്ഷ്യം നേടുന്നതിലേക്കുള്ള പ്രക്രിയാഘട്ടങ്ങളിലാണ് വിലയിരുത്തൽ നടക്കേണ്ടത്. ഓരോ സമയത്തും കുട്ടി നടത്തുന്ന അറിവുനിർമ്മാണത്തിന്റെ വളർച്ചാനിലയിൽ ഉണ്ടാകുന്ന ഇടർച്ചകളും തടസ്സങ്ങളും പഠനപുരോഗതിയും കൃത്യമായി തിരിച്ചറിയാൻ സാധിക്കണം.
- സൃഷ്ടിപരവും വികാസപ്രദവുമായി, നിരന്തരം നടക്കുന്ന വിലയിരുത്തലാണ് ആവശ്യം. ഒപ്പംതന്നെ അത് ഏകമുഖമാകുന്നതിനുപകരം കുട്ടിക്കുണ്ടാകുന്ന തടസ്സങ്ങളുമായി, പരിമിതികളുമായി ബന്ധപ്പെട്ട സമഗ്രാന്വേഷണത്തിലേക്കു വഴി തെളിക്കണം. കുട്ടിയുടെ മാനസിക-ശാരീരികാവസ്ഥകൾ, സാമൂഹ്യ-സാംസ്കാരിക ചുറ്റുപാടുകൾ, ഗാർഹികാവസ്ഥ, ഇതരവിഷയങ്ങളിലെ പഠനനില, സവിശേഷ അഭിരുചികളും നൈപുണികളും തുടങ്ങിയ തലങ്ങളിൽ വിശകലനം ചെയ്താണ് തടസ്സകാരണങ്ങളും പരിഹാരസാധ്യതകളും അധ്യാപകർ അന്വേഷിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിലയിരുത്തലിന് സമഗ്രസ്വഭാവവും കൈവരുന്നു. ലഭിക്കുന്ന തിരിച്ചറിവുകളുടെ വെളിച്ചത്തിൽ തുടർ പ്രവർത്തനങ്ങളും പിന്തുണ നൽകലും അനിവാര്യമാണ്. അതില്ലെങ്കിൽ അത്തരം വിലയിരുത്തൽ സമയ-അധ്വാന നഷ്ടമുണ്ടാക്കുന്ന കേവലാഭ്യാസങ്ങളായി മാറുകയേ ഉള്ളു.
- ഇങ്ങനെ കുട്ടികളുടെ വൈവിധ്യത്തെ അഭിമുഖീകരിക്കാൻ സാധ്യതയുള്ള നിരന്തരവും സമഗ്രവുമായ വിലയിരുത്തലാണ് അറിവുനിർമാണരീതിക്കിണങ്ങുന്നതും അതിനെ പോഷിപ്പിക്കുന്നതും.
- അധ്യാപകർ ബോധപൂർവം ആസൂത്രണം ചെയ്ത്, വിലിയിരുത്തൽ സൂചകങ്ങൾ കുട്ടികളോടു ചർച്ച ചെയ്ത് രൂപപ്പെടുത്തുന്നതിനു നേതൃത്വം നൽകുമെങ്കിലും താൻ രൂപപ്പെടുത്തിയ അറിവു രൂപത്തെ തിരിഞ്ഞു നോക്കി മെച്ചപ്പെടുത്തുന്ന സ്വന്തം പ്രവർത്തനമായിട്ടാണ് കുട്ടി ഇതിലേർപ്പെടുന്നത്. ഫലപ്രദമായി ചെയ്താൽ ഫീഡ്ബാക്കിന്റെയും മെച്ചപ്പെടുത്തലിന്റെയും ഭാഗമായി അധ്യാപകർ നൽകുന്ന നിർദ്ദേശങ്ങൾ, മാതൃകകൾ, ചോദ്യങ്ങൾ, താരതമ്യം ചെയ്യൽ, താൻ കടന്നുപോയ വഴി പറയാൻ അവസരം നൽകൽ എന്നിവയെല്ലാം പഠനപ്രവർത്തനത്തിൽ തങ്ങളോടൊപ്പം പങ്കെടുക്കുന്ന സഹപഠിതാവിന്റെ സഹവർത്തിതതലത്തിലുള്ള സംഭാവനയായിട്ടേ കുട്ടികൾക്ക് തോന്നുകയുള്ളൂ.
- പഠനപ്രക്രിയാസമയത്തുള്ള വിലയിരുത്തൽ അധ്യാപകർക്ക് കുട്ടിയുടെ പഠനാവസ്ഥ, ധാരണാ-ശേഷീനിലകൾ, എന്നിവയെക്കുറിച്ച് വ്യക്തത നൽകുന്നു. കുട്ടിയെ സാധ്യമായ ഉയർന്ന നിലയിലെത്തിക്കാനാവശ്യമായ കൈത്താങ്ങു നൽകാൻ ഇത്തരം അറിവുകൾ സഹായകമാകും.
- പഠനപ്രവർത്തനത്തിനിടയിൽ അധ്യാപകർക്ക് ലഭിക്കുന്ന തിരിച്ചറിവുകൾ (പഠനവിടവുകളും മികവുകളും) രേഖപ്പെടുത്തുന്നത് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമായിരിക്കും. ഈ ചാക്രിക പ്രക്രിയയാണ് നിരന്തര വിലയിരുത്തലിന്റെ കാതൽ. ഇത്തരം തിരിച്ചറിവുകൾ തുടർപ്രവർത്തനം, പഠന

സാമഗ്രി, ബോധനരീതി, ഇടപെടൽ രീതി, പഠന തന്ത്രങ്ങൾ എന്നിവയുടെ കാര്യത്തിൽ എന്തെല്ലാം മാറ്റങ്ങൾ വേണമെന്ന് തീരുമാനിക്കാൻ അധ്യാപകരെ പ്രാപ്തരാക്കും.

- പഠിതാവ് ആർജിച്ച അറിവ്, കഴിവ്, മൂല്യങ്ങൾ, മനോഭാവം, സവിശേഷ അഭിരുചികൾ/നൈപുണികൾ എന്നിവയെല്ലാം സമഗ്രമായി വിലയിരുത്തപ്പെടേണ്ടതുകൊണ്ട്, ക്ലാസ് മുറിക്കപ്പുറത്തേക്ക് നീളുന്ന വിലയിരുത്തൽ സന്ദർഭങ്ങൾ സൃഷ്ടിക്കാനും അധ്യാപകർക്ക് സാധിക്കണം.
- പഠനത്തോടൊപ്പം നിരന്തരമായി നടക്കുന്ന വിലയിരുത്തലും അതുവഴി ലഭിക്കുന്ന തിരിച്ചറിവുകളുമുപയോഗിച്ച്, മാർഗദർശനവും കൈത്താങ്ങും നൽകി എല്ലാ കുട്ടികളുടെയും ഗുണാത്മക പഠനം ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ എല്ലാ കുട്ടികളും ഓരോ ക്ലാസ്സിലും നേടേണ്ട പഠനലക്ഷ്യങ്ങൾ നേടുന്നുവെന്നുറപ്പാക്കാൻ കഴിയൂ.
- ഇത്തരം വിലയിരുത്തൽ പ്രയോഗിക്കുന്നതുവഴി കുട്ടിയുടെ വികാസവുമായി ബന്ധപ്പെട്ട് വീട്ടിൽ ലഭിക്കേണ്ട പരിഗണനകളും പരിരക്ഷയും ഏതുവിധമെന്ന് രക്ഷകർത്താവിനോടു പങ്കുവയ്ക്കാൻ അധ്യാപകർക്കു സാധിക്കും. കൂടാതെ ഭിന്നനിലവാരക്കാരെയും പഠനപ്രശ്നങ്ങളുള്ളവരെയും കണ്ടെത്തി അവർക്ക് അനുയോജ്യമായി പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും ഇത് അധ്യാപകരെ സഹായിക്കും.
- സർഗാത്മകത, ആശയവിനിമയശേഷി, വിമർശനാത്മകചിന്ത, പ്രശ്നപരിഹരണശേഷി, സാമൂഹ്യവൽക്കരണം, ശാരീരികശേഷി, സഹവർത്തനശേഷി എന്നീ ഉയർന്ന തലങ്ങളിൽ വിലയിരുത്തലിന്റെ സാധ്യത പ്രയോഗിക്കണമെങ്കിൽ നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ അനിവാര്യമാണ്. ഇതു ഫലപ്രദമായി നടക്കണമെങ്കിൽ ആത്യന്തികവിലയിരുത്തലിൽ നിന്നു വ്യതിരിക്തമായി നിരന്തരവും സമഗ്രവുമായ വിലയിരുത്തലിനുള്ള സവിശേഷതകളും പ്രക്രിയകളും അധ്യാപകർ ശരിയായി തിരിച്ചറിഞ്ഞു പ്രയോഗിക്കേണ്ടതുണ്ട്.

# 2. അപ്പർ പ്രൈമറി ക്ലാസുകളുടെ വിലയിരുത്തൽ സമീപനം

## 2. അപ്പർ പ്രൈമറി ക്ലാസുകളുടെ വിലയിരുത്തൽ സമീപനം

**ഈ അധ്യയനവർഷം അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ നടപ്പിലാക്കുന്ന വിലയിരുത്തൽ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

കെ.സി.എഫ്. 2023ലെ വിലയിരുത്തൽ സമീപനങ്ങളെ അടിസ്ഥാനമാക്കി ചുവടെ പരാമർശിക്കുന്ന രീതിയിൽ വികാസപ്രദവിലയിരുത്തലും ആത്യന്തികവിലയിരുത്തലും നടത്താവുന്നതാണ്. അപ്പർ പ്രൈമറി ക്ലാസുകളിൽ ഓരോ വിഷയത്തിനും ആകെ സ്കോറിന്റെ 50% വികാസപ്രദവിലയിരുത്തലിന് നൽകാം.

### വികാസപ്രദവിലയിരുത്തൽ (Formative Assessment)

> *സൃഷ്ടിപരവും വികാസപ്രദവുമായി, നിരന്തരമായി നടക്കുന്ന വിലയിരുത്തലാണ് ആവശ്യം. ഒപ്പംതന്നെ അത് ഏകമുഖമാകുന്നതിനുപകരം കുട്ടിക്കുണ്ടാകുന്ന തടസ്സങ്ങളുമായി/ പരിമിതികളുമായി ബന്ധപ്പെട്ട സമഗ്രാന്വേഷണത്തിലേക്കു വഴി തെളിക്കണം **(KCF 2023, P-194)**.*

വികാസപ്രദവിലയിരുത്തലിൽ പരിഗണിക്കേണ്ട പ്രധാന ഇനങ്ങൾ ചുവടെ കൊടുക്കുന്നു:

### 1. പഠനപ്രക്രിയ വിലയിരുത്തൽ (Learning Process Assessment)

> *പഠനലക്ഷ്യം നേടുന്നതിലേക്കുള്ള പ്രക്രിയാഘട്ടങ്ങളിലാണ് വിലയിരുത്തൽ നടക്കേണ്ടത് **(KCF 2023, P-194)**.*

പഠനപ്രക്രിയയുടെ ഭാഗമായി പഠനലക്ഷ്യങ്ങളിലേക്ക് പഠിതാവ് എത്തുന്നതിനുവേണ്ടി അധ്യാപകർ പഠിതാക്കളെ പങ്കാളികളാക്കിക്കൊണ്ട് വിവിധങ്ങളായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

ഓരോവിഷയത്തിന്റെയും സ്വഭാവത്തിനനുസരിച്ച് പഠനപ്രവർത്തനങ്ങളിൽ മാറ്റങ്ങൾ അനിവാര്യമാണ്. പഠനപ്രക്രിയയുടെ ഭാഗമായി കുട്ടി ആർജിച്ചെടുക്കുന്ന ആശയങ്ങളും ധാരണകളും ഭാഷാവസ്തുതകളും വ്യവഹാരരൂപങ്ങളെക്കുറിച്ചുള്ള ധാരണകളും മൂല്യ-മനോഭാവങ്ങളുമെല്ലാം ചേർന്ന് വരുന്നതാകണം ഭാഷയുടെ വിലയിരുത്തൽ. ഗണിതശാസ്ത്രത്തിൽ ഗണനചിന്തയ്ക്കാണ് (Computational Thinking) പ്രാധാന്യം നല്കേണ്ടത്. ശാസ്ത്ര വിഷയങ്ങളിൽ പരീക്ഷണ-നിരീക്ഷണങ്ങൾക്കായി ലാബ് പ്രവർത്തനങ്ങളും സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ സമൂഹമാകെ തന്നെ ലാബായി പരിഗണിക്കുന്ന പഠനപ്രവർത്തനങ്ങളുമാണ് വേണ്ടത്. ഇവിടെ സെമിനാറുകളും സംവാദ

ങ്ങളും അസൈൻമെന്റുകളും പ്രൊജക്ടുകളും ഗവേഷണാത്മക-സർഗ്ഗാത്മക പഠന പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇത്തരം അന്വേഷണാത്മകമായ അറിവ് നിർമ്മാണ പഠനപ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയും പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങളിൽ (Learning Objectives) എത്തിച്ചേരുന്നുണ്ടോ എന്ന് നിരന്തരം വിലയി രുത്തി പുനരനുഭവം നല്കേണ്ടതാണ്.

**വിലയിരുത്തലിന് സ്വീകരിക്കാവുന്ന വ്യത്യസ്ത രീതികൾ**

- പ്രൊജക്ട് (Project)
- സെമിനാർ (Seminar)
- അസൈൻമെന്റ് (Assignment)
- പരീക്ഷണം (Experiment)
- ഗവേഷണം (Research)
- പാനൽ ചർച്ച (Panel Discussion)
- സംഘ ചർച്ച (Group Discussion)
- വാദപ്രതിവാദം (Debate)
- സംവാദം (Dialogue)
- ഫീൽഡ് സന്ദർശനങ്ങൾ (Field Visits)
-
-
-

**പഠനപ്രക്രിയ വിലയിരുത്തലിന് താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്**

**▸ പ്രവർത്തനത്തിലെ പങ്കാളിത്തം**

പ്രവർത്തനം ഏറ്റെടുത്തോ?

വ്യക്തിഗതമായി ചെയ്യാൻ ശ്രമിച്ചിട്ടുണ്ടോ?

ഗ്രൂപ്പിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ടോ?

ആശയങ്ങൾ പങ്കുവച്ചിട്ടുണ്ടോ?

മറ്റുള്ളവരുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ?

**▸ ആശയധാരണ**

ഉള്ളടക്കപരമായ ധാരണ

അറിവ് നിർമാണ ഘട്ടങ്ങൾ

ആശയസ്വാംശീകരണത്തിലെ മികവ്

ആശയങ്ങളുടെ പ്രയോഗശേഷിയിൽ പഠിതാവിന്റെ മികവ്

**ശേഷികൾ ആർജിക്കൽ**

പ്രക്രിയാശേഷികൾ നേടാൻ വേണ്ടിയുള്ള മുൻധാരണകൾ എത്രത്തോളം?

നിശ്ചയിച്ചിരിക്കുന്ന പ്രക്രിയാശേഷികൾ നേടാൻ ഈ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ?

**പ്രകടനം/അവതരണം**

വ്യക്തിഗത പ്രവർത്തനത്തിന് ശേഷവും ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷവും കണ്ടെത്തിയ കാര്യം അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടോ?

നിഗമനം യുക്തിപൂർവം സമർഥിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

**രേഖപ്പെടുത്തൽ/തയ്യാറാക്കൽ**

പ്രവർത്തനത്തിലൂടെ കടന്നുപോയപ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ?

രേഖപ്പെടുത്തലുകൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ആണോ?

രേഖപ്പെടുത്തലിന് അടക്കും ചിട്ടയും ഉണ്ടോ?

വ്യക്തിഗതമായും ഗ്രൂപ്പ് ചർച്ചയ്ക്ക് ശേഷവും പൊതു ചർച്ചയ്ക്ക് ശേഷവും രേഖപ്പെടുത്തലുകൾ നിർവഹിച്ചിട്ടുണ്ടോ?

## 2. ഉല്പന്നവിലയിരുത്തൽ (Portfolio Assessment)

*വിവിധ വിഷയങ്ങളിലെ കുട്ടിയുടെ വാചിക-ലിഖിത-പ്രകടന ആവിഷ്കാരങ്ങൾ, കലാ-കായിക-തൊഴിൽ ഉദ്ഗ്രഥിത പഠന മേഖലകളിലെ നിർമ്മിതികൾ/പ്രകടനങ്ങൾ തുടങ്ങിയവ സമാഹരിക്കണം. ഡിജിറ്റൽ സങ്കേതങ്ങളുപയോഗിച്ച് എളുപ്പത്തിൽ സമാഹരിക്കുന്ന രീതികളും സ്വീകരിക്കാം. ഇങ്ങനെ തയ്യാറാക്കുന്ന പോർട്ട്ഫോളിയോകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും സുതാര്യമായി പരിശോധിക്കാൻ ലഭ്യമാക്കണം. പ്രതിമാസ ക്ലാസ് പി.ടി.എ യോഗങ്ങളിലെ ഒരു പ്രധാന ഇനം പോർട്ട്ഫോളിയോ പങ്കുവയ്ക്കലാക്കുന്നത് രക്ഷിതാക്കൾക്ക് സ്വന്തം കുട്ടിയുടെ വളർച്ച ശരിയായി തിരിച്ചറിയാൻ സഹായകമാവും (KCF 2023, P-196).*

ഒരുകുട്ടി ഏർപ്പെടുന്ന പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധഘട്ടങ്ങളിൽ ഉണ്ടാകുന്ന വസ്തുക്കളുടെ ശേഖരമാണിത്.

പോർട്ട്ഫോളിയോയിൽ ഉൾപ്പെടേണ്ടവ:

- നോട്ട്ബുക്ക്
- ആക്റ്റിവിറ്റി ലോഗ്
- മറ്റ് രചനകൾ (വ്യക്തിഗതരചന, മെച്ചപ്പെടുത്തിയ രചന)

- മറ്റ് പഠനത്തെളിവുകൾ (ചിത്രങ്ങൾ, ശേഖരങ്ങൾ, പഠനോപകരണങ്ങൾ, ഐ.സി.റ്റി സാധ്യതകളിലൂടെ രൂപപ്പെടുത്തിയ സൃഷ്ടികൾ തുടങ്ങിയവ)
- പഠനത്തെളിവുകൾ വിലയിരുത്താൻ കുട്ടികൾ രൂപപ്പെടുത്തിയ സൂചകങ്ങൾ
- സർഗാത്മക സൃഷ്ടികൾ
- വർക്ക് ഷീറ്റുകൾ

**കുട്ടികളുടെ പോർട്ട്ഫോളിയോ വിലയിരുത്താൻ താഴെപറയുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്**

- ആശയവ്യക്തത
- ധാരണകളുടെ സ്വാംശീകരണം
- അനുയോജ്യമായ രൂപകല്പന
- പൂർണത
- തനിമ/നൂതനത്വം

## 3. യൂണിറ്റ്തല വിലയിരുത്തൽ

*കേവലം എഴുത്തുപരീക്ഷകൾക്കുപകരം വ്യത്യസ്തമായ തന്ത്രങ്ങളും ഉപാധികളും ഉപയോഗിച്ച് എല്ലാത്തരം കുട്ടികളുടെയും താല്പര്യങ്ങൾക്കും ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, പ്രത്യേകാഭിരുചികൾ തുടങ്ങിയവയ്ക്കും ഭിന്നമികവുകൾക്കും സാധ്യതയൊരുക്കാൻ കഴിയണം. ഇതിനായി ചെക്ക് ലിസ്റ്റ്, കേസ് സ്റ്റഡി, റേറ്റിംഗ്സ്കെയിൽ, സ്വയംവിലയിരുത്തൽ ഫോറങ്ങൾ, ഡയറിനിർമ്മാണം തുടങ്ങിയ സങ്കേതങ്ങൾ തിരഞ്ഞെടുക്കാം. കുട്ടികളുടെ വൈവിധ്യങ്ങൾ പരിഗണിച്ച് വിലയിരുത്തലിന് ആത്മവിശ്വാസം വരുന്ന സമയത്തുമാത്രം ഇവ നടത്തുന്ന തരത്തിൽ അയവുപാലിക്കണം* **(KCF 2023, P-201)**.

*പഠിതാക്കളിലെ വൈവിധ്യത്തെ അഭിമുഖീകരിക്കാൻ സാധ്യതയുള്ള നിരന്തരവും സമഗ്രവുമായ വിലയിരുത്തലാണ് അറിവുനിർമ്മാണരീതിക്കിണങ്ങുന്നതും അതിനെ പോഷിപ്പിക്കുന്നതും* **(KCF 2023, P-194)**.

പാഠ്യപദ്ധതിവിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ, ധാരണകൾ, ശേഷികൾ, നൈപുണികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ എത്രമാത്രം പഠിതാവ് നേടി എന്ന് അറിയുന്നതിനും പഠിതാവിന്റെ പഠനസംബന്ധമായ ആവശ്യങ്ങളും അവർക്കുള്ള പിന്തുണാകാര്യങ്ങളും ഒരു ടീച്ചറിന് തിരിച്ചറിയുന്നതിനും യൂണിറ്റ്തല വിലയിരുത്തൽ അനിവാര്യമാണ്. ഇത് ചുവടെ കൊടുത്തിരിക്കുന്ന രണ്ട് വിധത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

### *i.* ബഹുമുഖമായ വിലയിരുത്തൽ രീതികൾ

- നിരീക്ഷണരീതി (Observation)
- അഭിമുഖം (Interview)
- വാചാപരീക്ഷ (Oral Test)
- പ്രായോഗിക പരീക്ഷ (Practical Test)
- തുറന്ന ചോദ്യാവലി (Open Ended Questionnaire)
- പ്രകടനവിലയിരുത്തൽ (Performance Assessment)
- അവതരണങ്ങൾ - ചൊല്ലൽ/അഭിനയം/പ്രസംഗം/കഥപറയൽ
- നാടകം/കോറിയോഗ്രാഫി/മൈമിങ്/റോൾപ്ലേ/പാവനാടകം
- ഗവേഷണരീതി (Heuristic Method)
- സ്വയം വിലയിരുത്തൽ (Self-Assessment) പ്രവർത്തനങ്ങൾ
- പരസ്പരവിലയിരുത്തൽ (Peer Assessment) പ്രവർത്തനങ്ങൾ
- സംഘ പ്രവർത്തനങ്ങൾ (Group Work)
- വർക്ക്ഷീറ്റുകൾ
- ചെക്ക് ലിസ്റ്റ്
- റേറ്റിംഗ് സ്കെയിൽ
- ഡയറി നിർമാണം
- ഐ.സി.റ്റി. ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ
- ഗ്രാഫുകളും പട്ടികകളും തയ്യാറാക്കൽ (Visual/Graphical Representations)
- ശേഖരം/റിക്കാർഡ് (Collection/Record)
- പ്രശ്നോത്തരികൾ (Quiz)
- നിർമ്മാണപ്രവർത്തനങ്ങൾ (Model Preparation)
- ജിഗ്സോ പസ്സിൽ
- 
- 
- 

### *ii.* എഴുത്തുപരീക്ഷാരീതി (ഒരു ടേമിൽ 2 പരീക്ഷകൾ)

വിലയിരുത്തലിന് സാധാരണയുള്ള എഴുത്തുപരീക്ഷാരീതിക്കു പുറമെ തുറന്ന പുസ്തകപരീക്ഷ (Open Book Exam), കുട്ടിയ്ക്ക് ആത്മവിശ്വാസമുണ്ടാകുന്ന സമയത്ത് മാത്രം പരീക്ഷ (On Demand Exam), വീട്ടിൽ വച്ച് എഴുതുന്ന പരീക്ഷ (Take Home Exam), ഓൺലൈൻ പരീക്ഷ എന്നീ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്താവുന്നതാണ് (വിശദമായ മാർഗനിർദേശങ്ങൾ എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും).

എഴുത്തുപരീക്ഷ വിലയിരുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്:

- **ഉള്ളടക്കത്തെക്കുറിച്ചുള്ള ധാരണ**

  ഉത്തരങ്ങളുടെ കൃത്യത, ആശയധാരണ, പ്രസക്തി

- **ഉത്തരത്തിന്റെ ഘടന**

  ആശയവ്യക്തത, യുക്തിയുക്തമായ ഒഴുക്ക്, മൊത്തത്തിലുള്ള അവതരണ രീതി

- **ഭാഷാപ്രയോഗം**

  പദസമ്പത്ത്, ആശയം ആവിഷ്കരിക്കാനുള്ള കഴിവ്, അക്ഷരത്തെറ്റും വ്യാകരണ പിശകുമില്ലാതെ എഴുതുവാനുള്ള കഴിവ്

- **അറിവിന്റെ പ്രയോഗം**

  വിവിധ സാഹചര്യങ്ങളിൽ സന്ദർഭോചിതമായി അറിവ് പ്രയോഗിക്കാനുള്ള കഴിവ്, ഉദാഹരണങ്ങൾ, തെളിവുകൾ എന്നിവ കൊണ്ട് സമർത്ഥിക്കാനുള്ള കഴിവ്

- **വിമർശനാത്മക ചിന്ത**

  വിശകലനം ചെയ്യാനും വിശദീകരിക്കാനുമുള്ള കഴിവ്, വാദമുഖം തെളിവോടുകൂടി അവതരിപ്പിക്കാനുള്ള കഴിവ്, സൃഷ്ടിപരമായും യുക്തിസഹമായും ഉത്തരം എഴുതാനുള്ള കഴിവ്

## വികാസപ്രദവിലയിരുത്തലിന്റെ (FA) സ്കോറും ഗ്രേഡും

**വികാസപ്രദവിലയിരുത്തലിന്റെ പരമാവധി സ്കോർ ഓരോ വിഷയത്തിന്റേയും ആകെ സ്കോറിന്റെ 50% ആണ്.**

### FA ഗ്രേഡ് നിശ്ചയിക്കുന്ന രീതി

വികാസപ്രദവിലയിരുത്തലിൽ ഓരോ വിഷയത്തിനും 3 ഇനങ്ങളാണ് കണക്കിലെടുക്കുന്നത്:

- പഠനപ്രക്രിയ വിലയിരുത്തൽ
- ഉല്പന്നവിലയിരുത്തൽ
- യൂണിറ്റ്തല വിലയിരുത്തൽ

**ഓരോ ഇനത്തിന്റേയും സ്കോർ, 10 സ്കോറിൽ നിശ്ചയിച്ച് വിലയിരുത്തുക. അങ്ങനെ ആകെ FA സ്കോർ 30 എന്ന് കാണാവുന്നതാണ്.** ഓരോ വിഷയത്തിനും കുട്ടികൾക്ക്

ലഭിക്കുന്ന FA സ്കോർ എത്ര എന്ന് കണ്ടെത്തി FA ഗ്രേഡ് നിശ്ചയിക്കാവുന്നതാണ്. അതിനായുള്ള റെഡി റെക്കണർ ചുവടെ കൊടുക്കുന്നു.

**വികാസപ്രദവിലയിരുത്തലിന്റെ (FA) സ്കോറും ഗ്രേഡും**

| സ്കോർ | | | ഗ്രേഡ് |
|---|---|---|---|
| 100 ൽ | 30 ൽ | 10 ൽ | |
| 80 - 100 | 24 - 30 | 8 - 10 | A |
| 60 - 79 | 18 - 23 | 6 - 7 | B |
| 40 - 59 | 12 - 17 | 4 - 5 | C |
| 30 - 39 | 9 - 11 | 3 | D |
| 30 ൽ താഴെ | 1 - 8 | 1 - 2 | E |

**ആത്യന്തികവിലയിരുത്തലിന്റെ (SA) 5 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡും സ്കോറും**

| ശതമാനം | ഗ്രേഡ് | സ്കോർ 30 ൽ |
|---|---|---|
| 80 - 100 | A - Outstanding | 24 - 30 |
| 60 - 79 | B - Very Good | 18 - 23 |
| 40 - 59 | C - Good | 12 - 17 |
| 30 - 39 | D - Satisfactory | 9 - 11 |
| 30ൽ താഴെ | E - Needs Improvement | 1 - 8 |

### അപ്പർ പ്രൈമറി തലത്തിലെ വികാസപ്രദ-ആത്യന്തിക വിലയിരുത്തൽ: FA, SA സ്കോർ വിശദാംശങ്ങൾ

| ക്രമ നമ്പർ | വിഷയം | ആത്യന്തിക വിലയിരുത്തൽ (SA) പരമാവധി സ്കോർ | | വികാസപ്രദ വിലയിരുത്തൽ (FA) പരമാവധി സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|
| 1 | ഒന്നാം ഭാഷ കേരളപാഠാവലി | | 30 | 30 | 60 |
| 2 | ഒന്നാം ഭാഷ അടിസ്ഥാനപാഠാവലി | | 30 | 30 | 60 |
| 3 | ഇംഗ്ലീഷ് | | 30 | 30 | 60 |
| 4 | ഹിന്ദി | | 30 | 30 | 60 |
| 5 | സാമൂഹ്യശാസ്ത്രം | | 30 | 30 | 60 |
| 6 | അടിസ്ഥാനശാസ്ത്രം | | 30 | 30 | 60 |
| 7 | ഗണിതശാസ്ത്രം | | 30 | 30 | 60 |
| 8 | ആരോഗ്യ-കായിക വിദ്യാഭ്യാസം | SA : 10<br>PA : 20 | 30 | 30 | 60 |
| 9 | കലാവിദ്യാഭ്യാസം | SA : 10<br>PA : 20 | 30 | 30 | 60 |
| 10 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | SA : 10<br>PA : 20 | 30 | 30 | 60 |

*FA – Formative Assessment, SA – Summative Assessment, PA – Performance Assessment

ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവയിൽ SA + PA യുടെ സ്കോർ 30 ആയി കണ്ട് ആത്യന്തികവിലയിരുത്തൽ (SA) ഗ്രേഡ് നൽകാവുന്നതാണ്.

- ഒരു ടേമിലെ എഴുത്തുപരീക്ഷകൾ/ബഹുമുഖമായ വിലയിരുത്തൽ ഇനങ്ങളുടെ ശരാശരിയാണ് യൂണിറ്റ്തല വിലയിരുത്തലിന്റെ സ്കോറായി രേഖപ്പെടുത്തേണ്ടത്.
- FA, SA എന്നിവ വെവ്വേറെ ഗ്രേഡുകളായാണ് രേഖപ്പെടുത്തേണ്ടത്.
- FA സ്കോറും SA സ്കോറും ചേർത്ത് ആകെ സ്കോറും ഗ്രേഡും കണക്കാക്കേണ്ടതില്ല.
- ടേമിനൽ ആയി ലഭിക്കുന്ന FA ഗ്രേഡുകൾ പരിഗണിക്കുമ്പോൾ, 3 ടേമിലുമായി കുട്ടിക്ക് ലഭിച്ച ഏറ്റവും മികച്ച ഗ്രേഡാണ് FA യുടെ വാർഷികമായുള്ള ഓവറോൾ ഗ്രേഡ്.

## ആത്യന്തികവിലയിരുത്തൽ (Summative Assessment)

*ആത്യന്തികവിലയിരുത്തൽ അറിവുനിർമ്മാണത്തെ നേരിട്ടും യൂണിറ്റ്തലമായും സ്വാധീനിക്കുന്നില്ല. ഇത് ജ്ഞാനനിർമ്മിതിയിലൂന്നുന്ന പഠനസമ്പ്രദായത്തിന് ധാരാളം പരിമിതികളും വെല്ലുവിളികളും ഉണ്ടാക്കുകയും ചെയ്യുന്നുണ്ട് (**KCF 2023, P-199**).*

ആത്യന്തികവിലയിരുത്തലിന്റെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് എഴുത്തു പരീക്ഷകളാണ് ഒരു അധ്യയനവർഷം വിദ്യാലയങ്ങളിൽ നടക്കുന്നത്:

- പാദവാർഷിക പരീക്ഷ (ആത്യന്തികവിലയിരുത്തൽ - I)
- അർധവാർഷിക പരീക്ഷ (ആത്യന്തികവിലയിരുത്തൽ - II)
- വാർഷിക പരീക്ഷ (ആത്യന്തികവിലയിരുത്തൽ - III)

**അപ്പർ പ്രൈമറി ക്ലാസിൽ വർഷാന്ത്യ എഴുത്തുപരീക്ഷയിൽ ഓരോ വിഷയത്തിനും മിനിമം 30% സ്കോർ (30 സ്കോറിന്റെ എഴുത്തുപരീക്ഷയിൽ 9 സ്കോർ) ലഭിക്കാത്ത കുട്ടികൾക്ക് ആവശ്യമായ പഠനപിന്തുണ നൽകിയതിനുശേഷം വീണ്ടും പരീക്ഷ നടത്തി അവരുടെ പ്രകടനം വിലയിരുത്തിയ ശേഷം അടുത്ത ക്ലാസിലേക്ക് സ്ഥാനക്കയറ്റം (Promotion) നൽകാം.**

പാദവാർഷിക, അർധവാർഷിക, വാർഷിക പരീക്ഷകൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന സ്കീം ഓഫ് വർക്കിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കുന്ന അക്കാദമിക കലണ്ടറിന്റെയും അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. ചോദ്യക്കടലാസുകളുടെ നിർമ്മാണം എസ്.സി.ഇ.ആർ.ടി. നിർദേശിക്കുന്ന മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നടത്തണം. പരീക്ഷയുടെ ചോദ്യക്കടലാസ് തയ്യാറാക്കുന്നവർക്കായുള്ള മാർഗനിർദേശങ്ങൾ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

അപ്പർ പ്രൈമറി ക്ലാസുകളിൽ നിലവിൽ പിൻതുടരുന്ന വിലയിരുത്തൽ പ്രക്രിയ മേൽ പരാമർശിച്ച പ്രകാരം കൂടുതൽ സമഗ്രവും ശാസ്ത്രീയവുമായി തുടരേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥർ അക്കാദമിക മോണിറ്ററിങ്ങിന്റെ ഭാഗമായി വികാസപ്രദവിലയിരുത്തൽ, ആത്യന്തികവിലയിരുത്തൽ എന്നിവ ഫലപ്രദമായി വിദ്യാലയങ്ങളിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## ആത്യന്തികവിലയിരുത്തലിന്റെ (SA) ചോദ്യക്കടലാസ് തയ്യാറാക്കുന്നതിനുള്ള മാർഗരേഖ

1. ആത്യന്തികവിലയിരുത്തലിന്റെ ചോദ്യപേപ്പർ കൃത്യമായ **രൂപരേഖ** അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്.

*പാഠങ്ങൾക്കു പകരം ഏതൊക്കെ പഠനലക്ഷ്യങ്ങളാണ് അന്തിമ പരീക്ഷയിൽ വിലയിരുത്തേണ്ടതെന്ന് തീരുമാനിക്കുകയും പഠനലക്ഷ്യങ്ങൾ അറിവുകളായി മാറിയോ എന്നത് വിലയിരുത്തലിൽ പരിശോധിക്കുകയും വേണം* ***(KCF 2023, P-202)***.

### ചോദ്യപേപ്പറിന്റെ രൂപരേഖ

Class :

Subject: Time :

Term : I/II/III Score :

**I. Weightage to Content Area**

| Sl. No. | Unit/ Topic/ Chapter | Learning Objectives | Sub-unit/ Sub-topic/ Discourse | Score | Percentage |
|---|---|---|---|---|---|
| 1A | | | | | |
| | | | | | |
| 1B | | | | | |
| | | | | | |
| 2 | | | | | |
| | | | | | |
| Total | | | | 30 | 100% |

**II. Weightage to Cognitive Process**

| Sl. No. | Cognitive Process | Activity wise Score | Total Score | Percentage |
|---|---|---|---|---|
| $CP_1$ | Conceptual Clarity | | | |
| $CP_2$ | Application Skill | | | |
| $CP_3$ | Computational Thinking | | | |
| $CP_4$ | Analytical Thinking | | | |
| $CP_5$ | Critical Thinking | | | |
| $CP_6$ | Creative Thinking | | | |
| $CP_7$ | Values/Attitudes | | | |
| Total | | 30 | 30 | 100% |

**Index of Abbreviation:** CP - Cognitive Process

*വിമർശനാത്മകചിന്തയും സർഗാത്മകതയും വിശകലനചിന്തയും യുക്തിസമർ ഥനവും പ്രശ്നപരിഹരണവും ആശയവിനിമയവുമെല്ലാമാണ് ആത്യന്തികവിലയി രുത്തലിന്റെ മുഖ്യ പരിഗണനയിൽ വരേണ്ടത്* ***(KCF 2023, P-201)****.*

*സർഗാത്മകത, ആശയവിനിമയശേഷി, വിമർശനാത്മകചിന്ത, പ്രശ്നപരിഹരണ ശേഷി, സാമൂഹ്യവൽക്കരണം, ശാരീരികശേഷി, സഹവർത്തനശേഷി എന്നീ ഉയർന്ന തലങ്ങളിൽ വിലയിരുത്തലിന്റെ സാധ്യത പ്രയോഗിക്കണമെങ്കിലും നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ അനിവാര്യമാണ്* ***(KCF 2023, P-196)****.*

*ആത്യന്തിക വിലയിരുത്തലിൽ അറിവിന്റെ പ്രയോഗതലത്തിന് ഊന്നൽ നല്കേണ്ട താണ്* ***(KCF 2023, P-203)****.*

$CP_1$ – വ്യക്തതയോടെയുള്ള ആശയ സ്വാംശീകരണം (Conceptual Clarity)
$CP_2$ – പ്രയോഗശേഷി (Application Skill)
$CP_3$ – ഗണനചിന്ത (Computational Thinking)
$CP_4$ – വിശകലനാത്മകചിന്ത (Analytical Thinking)
$CP_5$ – വിമർശനാത്മകചിന്ത (Critical Thinking)
$CP_6$ – സർഗാത്മകചിന്ത (Creative Thinking)

*ധാരണയും ശേഷിയും പോലെതന്നെ പ്രധാനമായി കുട്ടിയിൽ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനും പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ട്. (തുല്യത/ ജനാധിപത്യം/ശാസ്ത്രബോധം/യുക്തിചിന്ത/മതനിരപേക്ഷത/ലിംഗനീതി/ സാഹോദര്യം/മാനവികത/അനുതാപം/പരസ്പരബഹുമാനം/പരിസ്ഥിതി ബോധം)* ***(KCF 2023, P-197)****.*

$CP_7$ – മൂല്യമനോഭാവങ്ങൾ (Values/Attitude)

## III. Weightage to Knowledge Level (UP)

| Sl. No. | Knowledge Level | Score | Percentage |
|---|---|---|---|
| 1 | Basic | 9 | 30% |
| 2 | Average | 15 | 50% |
| 3 | Profound | 6 | 20% |
| **Total** | | **30** | **100%** |

## IV. Weightage to Item Format

| Sl. No. | Item Format | | No. of Items | Estimated Time (in minute) | Score Allotted | Percentage |
|---|---|---|---|---|---|---|
| 1 | SR Item | $SR_1$ (MCI) | | | | 20% |
| | | $SR_2$ (MI) | | | | |
| 2 | CRS Item | | | | | |
| 3 | CRL Item | | | | | |
| **Total** | | | | **120 minutes** | **30** | **100%** |

**Index of Abbreviations:** SR - Selected Response
MCI - Multiple Choice Items
MI - Matching Item
CRS - Constructed Response Short Answer

B – അടിസ്ഥാനതലം (Basic Level)
A – ശരാശരിതലം (Average Level)
P – ആഴത്തിലുള്ളതലം (Profound Level)
SR – തിരഞ്ഞെടുത്ത പ്രതികരണം (Selected Response : 1 – Multiple Choice Item, 2 – Matching Item)
CRS – സ്വതന്ത്രപ്രതികരണമുള്ള ഹ്രസ്വോത്തര മാതൃക (Constructed Response Short Answer Item)
CRL – സ്വതന്ത്രപ്രതികരണമുള്ള ദീർഘോത്തര മാതൃക (Constructed Response Long Answer Item)

# Proforma for Analysing Question Paper

## Item-wise Analysis

### Part – I : General Information

| | | | |
|---|---|---|---|
| Name of the Board : | | Class : | |
| Name of Examination : | | Subject : | |
| Year of Examination : | | Maximum Score : | |
| Question Paper No./Code : | | Time Allotted : | |

### Part – II : Item-wise Analysis

| Item/ Qn. No. | Content Area | | | Knowledge level | | | Item Format | | | | Score Allotted | Estimated Time *(in minute)* |
|---|---|---|---|---|---|---|---|---|---|---|---|---|
| | Learning Objective | Topic/Unit/Chapter | Sub-Topic/Sub-unit/ Discourse | B | A | P | $SR_1$ (MCI) | $SR_2$ (MI) | CRS | CRL | | |
| 1(a) | | | | | | | | | | | | |
| 1(b) | | | | | | | | | | | | |
| 1(c) | | | | | | | | | | | | |
| 2A (a) | | | | | | | | | | | | |
| 2A (b) | | | | | | | | | | | | |
| 2B (a) | | | | | | | | | | | | |
| 2B (b) | | | | | | | | | | | | |

- ചിന്താപ്രക്രിയകളെ പരിഗണിച്ച് വേണം ഉത്തരമെഴുതാനാവശ്യമായ സമയവും സ്കോറും നിശ്ചയിക്കേണ്ടത്.

### ക്ലാസ് 5, 6 & 7

| വിഷയം | ചോദ്യങ്ങളുടെ എണ്ണം | സ്കോർ | സമയം |
|---|---|---|---|
| കേരളപാഠാവലി മലയാളം/ അറബിക്/ഉർദു/സംസ്കൃതം | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| അടിസ്ഥാനപാഠാവലി മലയാളം/തമിഴ്/കന്നട | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| ഇംഗ്ലീഷ് | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| ഹിന്ദി | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| ഗണിതം | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| അടിസ്ഥാനശാസ്ത്രം | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| സാമൂഹ്യശാസ്ത്രം | 6 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |
| ആരോഗ്യ കായിക – തൊഴിൽ ഉദ്ഗ്രഥിത – കലാവിദ്യാഭ്യാസം | 9 | 30 | 2 മണിക്കൂർ + 15 മിനിറ്റ് സമാശ്വാസ സമയം |

- 6 ചോദ്യങ്ങളിൽ 2 ചോദ്യങ്ങൾക്ക് ഇന്റേണൽ ചോയിസ് നല്കുന്നു (33%).
- 6 തിരഞ്ഞെടുത്ത പ്രതികരണമുള്ള ചോദ്യങ്ങൾ (Selected Response Items). ഉൾപ്പെടുത്തണം (ആകെ 6 സ്കോർ, 20%).
- തമിഴ്, കന്നട എന്നീ ഭാഷകൾക്കും ഇതേ ചോദ്യമാതൃക പിന്തുടരേണ്ടതാണ്.

2. മുകളിൽ പരാമർശിച്ച ചോദ്യപേപ്പറിന്റെ രൂപരേഖയിൽ പ്രധാനമായും 4 ഭാഗങ്ങളാണുള്ളത്:

- ഉള്ളടക്കം
- ബൗദ്ധിക പ്രക്രിയ
- അറിവിന്റെ തലം
- വിലയിരുത്തൽ ഇനങ്ങളുടെ തരം

ഈ 4 കാര്യങ്ങൾ പരിഗണിച്ചുമാത്രമേ ചോദ്യകർത്താക്കൾ ചോദ്യങ്ങൾ നിർമ്മിക്കാവൂ. ഓരോ ഘട്ടത്തിന്റെയും (പാദവാർഷിക, അർദ്ധവാർഷിക, വാർഷിക) സ്കീം ഓഫ് വർക്ക് പരിശോധിച്ചതിനുശേഷം പ്രധാന പാഠഭാഗങ്ങളും ഉപഭാഗങ്ങളും കണ്ടെത്തി പഠനലക്ഷ്യങ്ങൾ ലിസ്റ്റ് ചെയ്ത് ഉള്ളടക്ക ഭാഗം പൂർത്തീകരിക്കണം.

3. വിവിധ ബൗദ്ധികപ്രക്രിയയകളുമായി (വ്യക്തതയോടെയുള്ള ആശയ സ്വാംശീകരണം, പ്രയോഗശേഷി, വിശകലനാത്മകചിന്ത, ഗണനചിന്ത, വിമർശനാത്മകചിന്ത, സർഗാത്മകചിന്ത, മൂല്യമനോഭാവങ്ങൾ) ബന്ധപ്പെട്ട ചോദ്യങ്ങളുടെ വിവരങ്ങളാണ് രണ്ടാം ഭാഗത്ത് നൽകേണ്ടത്.

4. ചോദ്യങ്ങളിൽ **30%** ചോദ്യങ്ങൾ **ലളിതവും** (Basic Level) **50%** ചോദ്യങ്ങൾ **ശരാശരി** നിലവാരത്തിലും (Average Level) **20%** ചോദ്യങ്ങൾ പഠിതാവിന് വെല്ലുവിളി ഉയർത്തുന്നതും അതത് മേഖലകളിൽ **ആഴത്തിലുള്ള അറിവ്** ആവശ്യമായ തലത്തിലുമാണ് (Profound Level) ചോദിക്കേണ്ടത്.

5. ചോദ്യപേപ്പറിൽ വിവിധതരം ചോദ്യങ്ങൾ (Multiple choice items, Matching items, Constructed response short answer items, Constructed response long answer type items) ഉൾപ്പെടുത്തണം.

6. കുട്ടികൾ ജീവിക്കുന്ന ലോകവും സമൂഹവും ആവശ്യപ്പെടുന്ന 21-ാം നൂറ്റാണ്ടിന്റെ ശേഷികൾ ഉൾപ്പെടെയുള്ള ശേഷികളെ (വിശകലനചിന്ത, വിമർശനാത്മകചിന്ത, വ്യക്തതയോടെയുള്ള ആശയ സ്വാംശീകരണം, ആശയവിനിമയ ശേഷി, സർഗാത്മക ചിന്ത) പരിപോഷിപ്പിക്കുന്ന വിലയിരുത്തലിനങ്ങൾ ഉൾപ്പെടുത്തണം.

7. ചോദ്യപേപ്പറിൽ തുറന്ന ചോദ്യങ്ങൾ (Open Ended Questions) ഉണ്ടാകണം.

ഓരോ വിഷയത്തിന്റെയും പഠനലക്ഷ്യങ്ങൾ മുൻകൂട്ടി പഠിതാക്കൾക്ക് ലഭ്യമാക്കണം. എഴുത്തുപരീക്ഷയെക്കുറിച്ചും ചോദ്യഘടനയെക്കുറിച്ചും കുട്ടികൾക്ക് ശരിയായ വിവരങ്ങൾ മുൻകൂട്ടി നൽകേണ്ടതാണ്. വികാസപ്രദവിലയിരുത്തലുമായി ബന്ധപ്പെട്ടുള്ള വിലയിരുത്തൽ മാനദണ്ഡങ്ങളും സൂചകങ്ങളും സംബന്ധിച്ച് കുട്ടികൾക്ക് വ്യക്തത കൈവരിക്കാൻ അവസരം ഒരുക്കണം.

## സാമൂഹിക-വൈകാരിക മേഖലയിലെ വിലയിരുത്തൽ

വൈജ്ഞാനികമേഖലയെപ്പോലെ തന്നെ പ്രധാനമാണ് സാമൂഹിക-വൈകാരിക മേഖലയിലെയും വിലയിരുത്തൽ. സാമൂഹിക-വൈകാരിക മേഖലയിലെ വിലയിരുത്തലുമായി ബന്ധപ്പെടുത്തി ചുവടെ കൊടുത്തിരിക്കുന്ന നൈപുണികൾ വിലയിരുത്തപ്പെടുന്നു.

- സ്വാവബോധം/അവനവനെക്കുറിച്ചുള്ള ധാരണ (Self Awareness)
- ആത്മനിയന്ത്രണം (Self Management)
- സാമൂഹിക അവബോധം (Social Awareness)
- ആരോഗ്യകരമായ ബന്ധങ്ങൾക്കുള്ള ശേഷി (Relationship Skills)
- ഉത്തരവാദിത്വപൂർണ്ണമായ തീരുമാനമെടുക്കൽ (Responsible Decision Making)

വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ അതത് വിഷയങ്ങളുടെ പ്രക്രിയാ വിലയിരുത്തലിന്റെ ഭാഗമായി ഈ വിലയിരുത്തലും നിർവഹിക്കേണ്ടതാണ്. ഇവിടെ പ്രക്രിയാശേഷി വിലയിരുത്തുന്നതോടൊപ്പം മൂല്യങ്ങൾ/മനോഭാവങ്ങൾ എന്നിവ രൂപപ്പെടുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽകൂടി നടക്കണം.

സാമൂഹിക-വൈകാരിക മേഖലയിലെ പഠിതാവിന്റെ മികവിനെ സംബന്ധിക്കുന്ന ഗുണപരമായ ഇനങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുകയാണ് വേണ്ടത്. ഓരോ പഠിതാവിന്റെയും ഗുണപരമായ നൈപുണികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്..

# 3. പഠനനില നിർണ്ണയവും പഠനപിന്തുണയും

## 3. പഠനനില നിർണ്ണയവും പഠനപിന്തുണയും

*വികാസപ്രദവിലയിരുത്തലിലൂടെ ലഭിക്കുന്ന തിരിച്ചറിവുകളുടെ വെളിച്ചത്തിൽ തുടർപ്രവർത്തനങ്ങളും പിന്തുണ നല്കലും നടക്കുന്നില്ലെങ്കിൽ അത്തരം വിലയിരുത്തൽ സമയ-അധ്വാന നഷ്ടമുണ്ടാക്കുന്ന കേവലാഭ്യാസങ്ങളായി മാറുകയേ ഉള്ളൂ **(KCF 2023, P-194)**.*

*ടേം/യൂണിറ്റ് വിലയിരുത്തലുകൾക്കുശേഷം ഫലവിശകലനം നടത്തി തുടർപ്രവർത്തനനിർദേശങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള രീതിശാസ്ത്രവും തന്ത്രങ്ങളും തയ്യാറാക്കുകയും അധ്യാപകരെ പരിചയപ്പെടുത്തുകയും ചെയ്യണം **(KCF 2023, P-202)***

പാദവാർഷിക, അർധവാർഷിക പരീക്ഷകൾക്കുശേഷം ഓരോ കുട്ടികളുടെയും ഉത്തരക്കടലാസുകൾ വിലയിരുത്തൽ നടത്തുകയും പരീക്ഷാഫലം വിശകലനം ചെയ്യേണ്ടതുമാണ്. **എഴുത്തുപരീക്ഷയിൽ മിനിമം സ്കോർ/ഗ്രേഡ് ലഭിക്കാത്ത കുട്ടികൾക്കും വികാസപ്രദവിലയിരുത്തലിന്റെ ഭാഗമായി പ്രതീക്ഷിച്ച പഠനലക്ഷ്യങ്ങൾ കൈവരിക്കാത്ത കുട്ടികൾക്കും അധിക പഠനപിന്തുണ അതത് വിഷയാധ്യാപകർ നൽകേണ്ടതാണ്.** കുട്ടി പഠനലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ ഓരോ ഘട്ടത്തിലും വികാസപ്രദവിലയിരുത്തലിന്റെ ഭാഗമായി നിലനിർണ്ണയം നടത്തി അനുസ്യൂതം പഠനപിന്തുണ നല്കിക്കൊണ്ട് മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ.

ഓരോ വിഷയത്തിലും എഴുത്തുപരീക്ഷയ്ക്ക് മിനിമം 30% സ്കോർ (D ഗ്രേഡ്) എങ്കിലും ലഭിക്കാത്ത കുട്ടികളുടെ വിവരങ്ങൾ ഓരോ ക്ലാസ് അധ്യാപകരും തയ്യാറാക്കേണ്ടതാണ്. വികാസപ്രദവിലയിരുത്തലും ആത്യന്തികവിലയിരുത്തലും പരിഗണിച്ചുകൊണ്ട് അധിക പഠനപിന്തുണ വേണ്ട കുട്ടികളുടെ വിവരങ്ങൾ എസ്.ആർ.ജി.യിൽ അവതരിപ്പിച്ചതിനുശേഷം അവർക്കുള്ള പഠനപിന്തുണാസാമഗ്രികൾ ഉണ്ടാക്കി പരീക്ഷ കഴിഞ്ഞുള്ള ആദ്യത്തെ 2 ആഴ്ചകളിൽ പഠനവിടവ് പരിഹരിക്കാനാവശ്യമായ പഠനപിന്തുണ നൽകണം. അധിക പഠനപിന്തുണ ഉറപ്പാക്കുന്നില്ലെങ്കിൽ വിലയിരുത്തൽ പ്രക്രിയ കൊണ്ട് പ്രയോജനമൊന്നും ഉണ്ടാകില്ല.

പ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ ക്ലാസിലെ കുട്ടികളുടെ പഠനവേഗതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ്, ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ, കുട്ടിയെ പഠനത്തിൽ നിന്നും അകറ്റുന്ന സാമൂഹ്യവും വൈകാരികവുമായ ഘടകങ്ങൾ എന്നിവ ചർച്ച ചെയ്യണം. (ഇതിനായി ബി.ആർ.സി.യിലെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ/സ്കൂൾ

കൗൺസിലറുടെ സഹായം തേടാവുന്നതാണ്). ഓരോ ആഴ്ചയിലും കുട്ടിയിൽ ഉണ്ടാവുന്ന പഠനപുരോഗതി കൃത്യമായി നിരീക്ഷിക്കേണ്ടതും ക്ലാസ്ടീച്ചറുടെ റിക്കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ആഴ്ചയിലും പുരോഗതി രേഖപ്പെടുത്തുമ്പോൾ തൊട്ടുമുൻപേയുള്ള ആഴ്ചയിൽ നിന്ന് എത്രത്തോളം ഓരോ പഠനലക്ഷ്യത്തിലും കുട്ടി മുന്നോട്ട് പോയി എന്ന് കണ്ടെത്തുകയും അതിനനുസരിച്ച് ഗുണാത്മക നിരീക്ഷണങ്ങൾ/ നിർദേശങ്ങൾ നൽകുകയും വേണം. മതിയായ പഠനപുരോഗതി കാണിക്കാത്ത കുട്ടികളെ സംബന്ധിച്ച് ക്രിയാഗവേഷണപരമായ (Action Research) അന്വേഷണം അധ്യാപകർ നടത്തണം. പഠനത്തിന് തടസ്സമാകുന്ന കാരണങ്ങൾ കണ്ടെത്തി എസ്.ആർ. ജി.യിൽ ചർച്ച ചെയ്തു പരിഹാരങ്ങൾ നിർദേശിക്കുകയും വേണം.

സ്കൂൾ തലത്തിലെ മുഴുവൻ വിവരങ്ങളും എട്ടാം ക്ലാസിലെ വാർഷിക പരീക്ഷ കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ പ്രഥമാധ്യാപകർ ക്രോഡീകരിക്കേണ്ടതാണ്. സ്കൂൾ എസ്.ആർ.ജി. ചേർന്ന് പഠനപിന്തുണാ കാര്യങ്ങൾ ചർച്ച ചെയ്യുകയും തുടർപ്രവർത്തനങ്ങൾ നടത്തുകയും വേണം. പഠനപിന്തുണാപരിപാടികൾ എല്ലാ വിദ്യാലയങ്ങളിലും പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ നടക്കേണ്ടതാണ്. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പ്ലാനുകൾ രക്ഷിതാവുമായി നടക്കുന്ന ചർച്ചയിൽ വിശദീകരിക്കുകയും ബോധ്യപ്പെടുത്തുകയും വേണം. ഗുണാത്മക നിർദേശങ്ങളിലൂടെ രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യണം.

ഓരോ ടേമിലും (പാദവാർഷികം, അർധവാർഷികം, വാർഷികം) ആത്യന്തികവിലയിരുത്തലിലും വികാസപ്രദവിലയിരുത്തലിലും E ഗ്രേഡ് നേടുന്ന കുട്ടികളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്കൂൾ എസ്.ആർ.ജി.കൾ ചേർന്ന് പ്രവർത്തന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. വിലയിരുത്തൽ പ്രക്രിയ കുട്ടികളെ മുഖ്യധാരാവിദ്യാഭ്യാസത്തിൽ നിന്നും മാറ്റി നിർത്താനല്ല, മറിച്ച് ഒരു ക്ലാസിലെ മുഴവൻ കുട്ടികളും പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠനലക്ഷ്യങ്ങൾ നേടുന്നു എന്നുറപ്പാക്കാനാണ്.

**വർഷാന്ത്യ പരീക്ഷയിൽ E ഗ്രേഡ് ലഭിക്കുന്ന കുട്ടികൾ നിർബന്ധമായും പുനഃപരീക്ഷ എഴുതേണ്ടതും ആർജ്ജിക്കേണ്ട ശേഷികൾ അവർ നേടുന്നുണ്ടെന്ന് ക്ലാസ് ടീച്ചർ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഏപ്രിൽ മാസം ആദ്യവാരം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് പുനഃപരീക്ഷ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തി ഉയർന്ന ക്ലാസിലെ പഠനത്തിന് അവസരം നൽകണം.**

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടിട്ടുള്ളവരും ഭിന്നശേഷി കുട്ടികളും ഉണ്ടാകാം. ഇത്തരം കുട്ടികളുടെ നിലനിർണ്ണയത്തിനും അവരുടെ വികാസത്തിനും സ്പെഷ്യൽ എഡ്യുക്കേറ്റർമാർ, റിസോഴ്സ് അധ്യാപകർ, ഗോത്രമേഖലയിലെ വോളണ്ടിയർമാർ, സന്നദ്ധ സംഘടനകൾ, സാമൂഹികക്ഷേമ പ്രവർത്തകർ തുടങ്ങിയവരെയും ഉൾപ്പെടുത്തേണ്ടതുണ്ട്. സാമൂഹികനീതി വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്,

പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് തുടങ്ങി എല്ലാവകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം സാധ്യമാക്കുന്നതിനും പ്രഥമാധ്യാപകർ മുൻകൈയെടുക്കേണ്ടതുണ്ട്.

### വിദ്യാലയതല പ്രവർത്തനങ്ങൾ

എല്ലാ അധ്യാപകരും വികാസപ്രദവിലയിരുത്തൽ നടത്തിയതിന്റെ രേഖകൾ ആ അക്കാദമികവർഷം മുഴുവൻ സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

- പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ എസ്.ആർ.ജി.യിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്ന/അനുഭവവിടവുള്ള മേഖലകൾ ചർച്ച ചെയ്യുകയും ഓരോ ക്ലാസിലെയും കുട്ടികളുടെ പഠനപ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്യണം. പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ മെന്റർമാരാകുന്ന രീതിയിൽ അധ്യാപകർക്ക് ചുമതലാവിഭജനം നടത്തണം.
- പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പഠനോപാധികൾ/പ്രവർത്തന പദ്ധതികൾ സ്കൂൾതലത്തിൽ തന്നെ തയ്യാറാക്കേണ്ടതാണ്.
- പഠനത്തിലൂടെ ഒരു ക്ലാസിലെ മുഴുവൻ കുട്ടികളുടെയും വളർച്ചയും വികാസവും കാണുന്നതിനോടൊപ്പം ഓരോ കുട്ടിയും ഒരു യൂണിറ്റ് എന്ന കാഴ്ചപ്പാടിൽ (വ്യക്തിഗത മാസ്റ്റർ പ്ലാൻ) ഊന്നിയുള്ള പ്രവർത്തനങ്ങൾക്കും അവസരം ഒരുക്കേണ്ടതാണ്.
- പ്രത്യേക പരിഗണന വേണ്ട വിദ്യാർഥികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കേണ്ടതാണ്.

### ബി.ആർ.സി.തല പ്രവർത്തനങ്ങൾ

- സ്കൂൾതലത്തിൽ എസ്.ആർ.ജി.കൾ ആസൂത്രണം ചെയ്യുന്ന പഠനപിന്തുണാ പരിപാടിക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്.
- പഠനപിന്തുണാസാമഗ്രികൾ തയ്യാറാക്കുന്നതിന് വൈദഗ്ധ്യമുള്ള ട്രെയിനർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.
- ഓരോ വിദ്യാലയത്തിലും സംഘടിപ്പിക്കുന്ന പഠനപിന്തുണാ പരിപാടിയുടെ വിവരങ്ങൾ ബി.ആർ.സി. തലത്തിൽ ക്രോഡീകരിക്കണം.
- പാദവാർഷിക, അർധവാർഷിക പരീക്ഷകൾക്ക് ശേഷം ഒരു നിശ്ചിത എണ്ണം ഉത്തരക്കടലാസുകൾ ഉത്തര സൂചികകൾക്കനുസരിച്ച് തന്നെയാണോ വിലയിരുത്തൽ നടത്തിയിട്ടുള്ളത് എന്ന് അറിയാൻ ഫലവിശകലനം ചെയ്യണം.

### ഡയറ്റ്തല പ്രവർത്തനങ്ങൾ

- ഓരോ ടീച്ചർമാർക്കും ആവശ്യമായ സന്ദർഭങ്ങളിൽ ഡയറ്റുകളുടെ സഹകരണത്തോടെ തത്സ്ഥല പിന്തുണ ഉറപ്പാക്കേണ്ടതുണ്ട്.

# 4. അക്കാദമിക മോണിറ്ററിങ്

# 4. അക്കാദമിക മോണിറ്ററിങ്

*ഫലപ്രദമായ വിദ്യാലയ കാഴ്ചപ്പാടിന്റെയടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ വിലയിരുത്തൽ സൂചകങ്ങൾ വച്ചുകൊണ്ട് അധ്യാപകർ, പി.ടി.എ., തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, പൊതുവിദ്യാഭ്യാസവകുപ്പ് എന്നിവയുടെയെല്ലാം ഭാഗത്തു നിന്ന് ആന്തരികവും ബാഹ്യവുമായ വിലയിരുത്തലുകൾ നടത്തുകയും ശക്തി ദൗർബല്യങ്ങൾ നിശ്ചിത ആവൃത്തികളിൽ കണ്ടെത്തുകയും മെച്ചപ്പെടുത്തൽ/ പിന്തുണാപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടേയിരിക്കുകയും ചെയ്യണം. ഇത്തരം വിലയിരുത്തലുകളും അവലോകനങ്ങളും പങ്കുവയ്ക്കുന്നതിനുള്ള പ്രതിവാര-പ്രതി മാസയോഗങ്ങൾ, സ്കൂൾ, പഞ്ചായത്ത്, ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ നടക്കാനുള്ള രീതിയും വ്യവസ്ഥപ്പെടുത്തണം (KCF 2023, P-204).*

സ്കൂൾ തലത്തിലും ഉപജില്ലാതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിലയിരുത്തലുമായി ബന്ധപ്പെട്ട മോണിറ്ററിങ്ങിന് ആവശ്യമായ സംവിധാനം ഉണ്ടാകണം. വിദ്യാഭ്യാസഉദ്യോഗസ്ഥർ പഠനപിന്തുണാപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിവാര അവലോകനം നടത്തേണ്ടതും ബന്ധപ്പെട്ട വിദ്യാലയങ്ങൾ സന്ദർശിക്കേണ്ടതുമാണ്. വിദ്യാലയങ്ങൾ, പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയിൽ മോണിറ്ററിങ് ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കുട്ടികളുടെ പഠനപുരോഗതി, ഡിജിറ്റൽ തെളിവുകളുടെയും ക്ലാസ്റൂം പ്രവർത്തനങ്ങളുടെ നേർക്കാഴ്ചകളുടെയും അടിസ്ഥാനത്തിൽ കണ്ടു മനസ്സിലാക്കി അക്കാദമികമോണിറ്ററിങ് ചുമതലയുള്ള വിദ്യാഭ്യാസ ഉദ്യോഗസ്ഥർ (എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റി അംഗങ്ങൾ, ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, ഡി.പി.സി, ഡി.പി.ഒ., ബി.പി.സി) വിലയിരുത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയും ഉറപ്പാക്കേണ്ടതാണ്. വികാസപ്രദവിലയിരുത്തൽ സുതാര്യവും സമഗ്രവുമായി നടപ്പിലാക്കുന്നതിന് വിലയിരുത്തൽ സ്കോറുകൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പരാതികൾ സ്കൂൾതല മോണിറ്ററിങ് സമിതി പരിശോധിക്കേണ്ടതാണ്.

- **സ്കൂൾതലത്തിൽ** പ്രധാന അധ്യാപകർ, എസ്.ആർ.ജി കൺവീനർമാർ, സബ്ജക്ട് കൗൺസിൽ കൺവീനർമാർ എന്നിവരുടെ നേതൃത്വത്തിൽ ഇതിനായി ഒരു സമിതിയുണ്ടാകണം. പരാതികൾ ഉണ്ടെങ്കിൽ ഈ സമിതി പരിശോധിക്കണം.
- **ഉപജില്ലാതലത്തിൽ** എ.ഇ.ഒ., ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, അതത് വിഷയത്തിലെ എസ്.ആർ.ജി./ഡി.ആർ.ജി. അംഗങ്ങൾ, സമഗ്ര ശിക്ഷാ ഡി.പി.ഒ./ബി.പി.സി. എന്നിവർ ചേർന്നുള്ള കമ്മിറ്റി രൂപീകരിക്കണം.
- **ജില്ലാതലത്തിൽ** ഡി.ഡി.ഇ., ഡി.ഇ.ഒ., ഡയറ്റ് പ്രിൻസിപ്പാൾ, എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റി അംഗങ്ങൾ, സമഗ്ര ശിക്ഷാ ഡി.പി.സി., മിഷൻ കോ-ഓർഡിനേറ്റർ കൈറ്റ് ജില്ല കോ-ഓർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിലും സമിതി രൂപീകരിക്കണം.

- **സംസ്ഥാനതലത്തിൽ** പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, സമഗ്ര ശിക്ഷാ എസ്.പി.ഡി., സ്റ്റേറ്റ് അസസ്മെന്റ് സെൽ കോ-ഓർഡിനേറ്റർ, വിദ്യാകിരണം അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിങ് സമിതി രൂപീകരിക്കണം.
- ഡയറ്റുകളുടെ നേതൃത്വത്തിൽ തത്സ്ഥല അക്കാദമിക പിന്തുണ നൽകാനുള്ള സംവിധാനം രൂപീകരിക്കേണ്ടതാണ്.
- സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ബി.ആർ.സി.കളുടെ സേവനം പ്രയോജനപ്പെടുത്തണം.
- വിദ്യാഭ്യാസ ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ വിദ്യാലയങ്ങൾ സന്ദർശിക്കുകയും സ്കൂൾതല അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ഓരോ വിദ്യാലയത്തിലും നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കണം.
- കുട്ടികളുടെ പഠനപുരോഗതി ഡിജിറ്റൽ തെളിവുകളുടെയും ക്ലാസ് പ്രവർത്തനങ്ങളുടെ നേർകാഴ്ചകളുടെയും അടിസ്ഥാനത്തിൽ കണ്ടുമനസ്സിലാക്കി വിദ്യാഭ്യാസ ഓഫീസർമാർ അക്കാദമിക പഠനപിന്തുണാപരിപാടി വിലയിരുത്തണം.
- വിദ്യാലയ സന്ദർശനവേളയിൽ വികാസപ്രദവിലയിരുത്തൽ, ആത്യന്തികവിലയിരുത്തൽ, പഠനപിന്തുണാപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ഓഫീസർമാർക്ക് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- വിലയിരുത്തലും പഠനപിന്തുണയുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങളിൽ നടത്തിയ മികച്ച മാതൃകകൾ (Best Practices) എന്തെങ്കിലും ഉണ്ടെങ്കിൽ അത് മറ്റ് വിദ്യാലയങ്ങൾക്കു കൂടി പങ്കുവയ്ക്കാൻ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.
- കൃത്യമായ ഇടവേളകളിൽ പഠനപിന്തുണാപരിപാടിയുടെ അവലോകനം അതത് ഓഫീസർമാരുടെ (വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് പ്രിൻസിപ്പൽ, എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റി അംഗങ്ങൾ, സമഗ്ര ശിക്ഷാ ജില്ല പ്രോഗ്രാം കോ-ഓർഡിനേറ്റർ, മിഷൻ കോ-ഓർഡിനേറ്റർ, കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ) മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. ഡയറ്റുകളുടെയും ബി.ആർ.സി.കളുടെയും സേവനം പ്രയോജനപ്പെടുത്തണം.
